# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി)ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2025 മാർച്ച് 20-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

462/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 5 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 7 |

# സബ്ജക്ട് കമ്മിറ്റി VI

# (വിദ്യാഭ്യാസം)

# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. വി. ശിവൻകുട്ടി,

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# 2024-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയച്ച 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ (ബിൽ നമ്പർ-231) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2024 ഡിസംബർ 23-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 മാർച്ച് 19-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 മാർച്ച് 19-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ദീർഘശീർഷകവും പീഠികയും</u>

ദീർഘശീർഷകത്തിലും പീഠികയിലും ബില്ലിലെ മറ്റ് ഖണ്ഡങ്ങളിലും "സ്പോർട്ട്സ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരമായി "സ്പോർട്സ് " എന്ന വാക്ക് ചേർക്കുക.

<u>നിയമപ്രഖ്യാപന വാക്യം</u>

നിയമപ്രഖ്യാപന വാക്യത്തിലെ "എഴുപത്തിയഞ്ചാം" എന്നത് "എഴുപത്തിയാറാം" എന്ന് ചേർക്കുക.

<u>ഖണ്ഡം 1</u>

(1) ഉപഖണ്ഡം (1)-ൽ “2024” എന്നീ അക്കങ്ങൾക്ക് പകരം “2025” എന്നീ അക്കങ്ങൾ ചേർക്കുക.

(2) (1)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്:—

“ 2. <u>ഒരു പദപ്രയോഗത്തിന് പകരം മറ്റ് പദപ്രയോഗം ചേർക്കൽ.</u>— 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ശീർഷകത്തിലും ദീർഘശീർഷകത്തിലും പീഠികയിലും പ്രധാന ആക്റ്റിലെ മറ്റ് വകുപ്പുകളിലും "സ്പോർട്ട്സ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം “ സ്പോർട്സ് ” എന്ന വാക്ക് ചേർക്കേണ്ടതാണ്.”

പുനരക്കം ചെയ്ത ഖണ്ഡം 3

ഖണ്ഡത്തിലെ "(ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)" എന്ന വാക്കുകളും ബ്രാക്കറ്റും ഒഴിവാക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 5

ഉപഖണ്ഡം (i) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന (vi എ) ഇനത്തിൽ "ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്ട്സ് ഗെയിമുകൾ" എന്നീ വാക്കുകൾക്ക് പകരം "ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്സ് " എന്നീ വാക്കുകൾ ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 6

പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൽ ചേർക്കാനുദ്ദേശിക്കുന്ന,—

1. (ബിഎഫ്) ഇനത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

2. (ബിജി) ഇനത്തിൽ "ആരോഗ്യ വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾക്കു പകരം "ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

പുനരക്കം ചെയ്ത ഖണ്ഡം 8

1. ഉപഖണ്ഡം (iii) പ്രകാരം പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (ബിഎ) ഖണ്ഡത്തിന്റെ വിശദീകരണത്തിൽ, " കേരള സ്പോർട്ട്സ് ഫൗണ്ടേഷൻ" എന്നീ വാക്കുകൾക്ക് പകരം " സ്പോർട്സ് കേരള ഫൗണ്ടേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

2. (iv)-ാം ഉപഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) (ഇഇ) ഖണ്ഡത്തിൽ, "ഏകോപിപ്പിച്ചുകൊണ്ട്" എന്ന വാക്കിന് പകരം "സഹകരിച്ചുകൊണ്ട്" എന്ന വാക്ക് ചേർക്കുക.

(ii) (ഇജി) ഖണ്ഡം താഴെ പറയും പ്രകാരം മാറ്റുക,

" (ഇജി) സ്പോർട്സ് അരീനകൾ, സ്പോർട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ മുതലായവയ്ക്ക്, തത്സമയം പ്രാബല്യമുള്ള മറ്റേതെങ്കിലും നിയമത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിർമ്മാണത്തിനും പ്രവർത്തനത്തിനും ഉള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക".

(iii) (ഇഡബ്ല്യു) ഖണ്ഡത്തിൽ, “2011-ലെ സ്പോർട്ട്സ് ഡെവലപ്മെന്റ് കോഡിലെ” എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും വാക്കുകൾക്കും പകരം “2011-ലെ നാഷണൽ സ്പോർട്സ് ഡെവലപ്മെന്റ് കോഡ് ഓഫ് ഇന്ത്യയിലെ” എന്ന അക്കങ്ങളും ചിഹ്നവും വാക്കുകളും ചേർക്കുക.

(iv) (ഇഇസഡ്ബി) ഖണ്ഡത്തിൽ, “ഗ്രീൻ സ്പോർട്സ് വിഭാഗത്തിൽപ്പെടുന്ന ഗോൾഫ്, ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ്” എന്നീ വാക്കുകൾക്ക് പകരം “ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ്, ഗ്രീൻ സ്പോർട്സ് വിഭാഗത്തിൽപ്പെടുന്ന ഗോൾഫ്” എന്നീ വാക്കുകൾ ചേർക്കുക.

3. (v)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന (എച്ച്ഡി) ഖണ്ഡത്തിൽ, “ഏകോപിപ്പിച്ചുകൊണ്ട് ” എന്ന വാക്കിന് പകരം "സഹകരിച്ചുകൊണ്ട്" എന്ന വാക്ക് ചേർക്കുക.

4. (vi)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ പുതുതായി ചേർക്കുകയും നിലവിലുള്ള (vii)-ാം ഉപഖണ്ഡം (ix)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യുകയും ചെയ്യുക, അതായത്,—

“ (vii) (എൻ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(viii) (ഒ) ഖണ്ഡം വിട്ടുകളയേണ്ടതാണ്."

## പുനരക്കം ചെയ്ത ഖണ്ഡം 9

പുനരക്കം ചെയ്ത (9)-ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്നത് ഖണ്ഡം 10 ആയി ചേർക്കുകയും ശേഷിക്കുന്നവ യഥാക്രമം 11, 12 എന്നീ ഖണ്ഡങ്ങളായി പുനരക്കം ചെയ്യുകയും ചെയ്യുക.

“ 10. 31-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിന്റെ 31-ാം വകുപ്പ് (1എ) ഉപവകുപ്പ് (viii)-ാം ഖണ്ഡത്തിൽ "ബന്ധപ്പെട്ട ജില്ലയിൽ നിന്നുള്ളവർക്കു മാത്രമായി" എന്നീ വാക്കുകൾക്കു ശേഷം "സംസ്ഥാന സ്പോർട്സ് സംഘടനാ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.”

## പുനരക്കം ചെയ്ത ഖണ്ഡം 12

പ്രധാന ആക്റ്റിലെ 49-ാം വകുപ്പിന് ശേഷം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന പട്ടികയിൽ,—

(i) ക്രമനമ്പർ 1-ൽ “ പട്ടികഗോത്ര വിഭാഗങ്ങൾ” എന്നീ വാക്കുകൾക്ക് പകരം “പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾ” എന്നീ വാക്കുകൾ ചേർക്കുക.

(ii) ക്രമനമ്പർ 4-ൽ "കേരള ഗ്രാന്റ് പ്രിക്സ്" എന്നീ വാക്കുകൾക്ക് പകരം "കേരള ഗ്രാന്റ് പ്രി" എന്നീ വാക്കുകൾ ചേർക്കുക.

(iii) ക്രമനമ്പർ 4-ന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ പുതുതായി ചേർക്കുകയും നിലവിലുള്ള ക്രമനമ്പർ 5, ക്രമനമ്പർ 7 ആയി പുനരക്കം ചെയ്യുകയും ചെയ്യുക.

"5. സ്പോർട്സ് താരങ്ങളുടെ ക്ഷേമത്തിനായുള്ള കാര്യങ്ങൾ.

6. അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള കാര്യങ്ങൾ."

4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5) വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. ശിവൻകുട്ടി,

*ചെയർപേഴ്സൺ*

*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,

2025 മാർച്ച് 20.

അനുബന്ധം I

## വിയോജനക്കുറിപ്പ്

കേരള കായിക നയം 2023-ന്റെ അടിസ്ഥാനത്തിൽ കായിക മേഖലയിൽ വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങൾ സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2020-ലെ കേരള സ്പോർട്സ് ആക്ടിൽ ഭേദഗതികൾ വരുത്തുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നിയമപരമായി അംഗീകരിക്കപ്പെട്ട ഓൺലൈൻ സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടാത്ത രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ജാഗ്രത പുലർത്തണം. സ്പോർട്സ് സംരംഭങ്ങൾക്ക് ആവശ്യമായ അനുമതികളും ന്യായമായ ഇളവുകളും കാലതാമസമില്ലാതെ ലഭ്യമാക്കാനും തടസ്സങ്ങൾ ഒഴിവാക്കാനും പ്രായോഗിക സമീപനം ആവശ്യമാണ്. നിലവിലുള്ള കായിക സംരംഭങ്ങളുടെ പരിപാലനവും വികസനവും പ്രധാനമാണ്. ദേശീയ ഗെയിംസിനായി ഒരുക്കിയതടക്കം കളിക്കളങ്ങളും കായികോപകരണങ്ങളും പരിപാലനമില്ലാതെ നശിച്ചുപോകുന്ന സാഹചര്യമാണ് ഉണ്ടായത്.

കായികതാരങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന നിലപാടുകൾ സർക്കാർ സ്വീകരിച്ചില്ലെങ്കിൽ നിയമഭേദഗതികൾ കൊണ്ട് പ്രസക്തിയില്ല. സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളിയായ ലഹരി വ്യാപനത്തിനെതിരെ ഏറ്റവും ഫലപ്രദമായ പ്രതിരോധ മാർഗം എന്ന നിലയിൽ ഒരു കായിക സംസ്കാരം യുവതലമുറയിൽ വളർത്തിയെടുക്കുവാൻ സാധിക്കുന്ന ശക്തമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രായോഗിക സമീപനം സ്വീകരിക്കാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (ഒപ്പ്)

ടി. വി. ഇബ്രാഹിം (ഒപ്പ്)

രാഹുൽ മാങ്കൂട്ടത്തിൽ (ഒപ്പ്)

അനുബന്ധം II

# 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്ത് വരച്ചതും സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്ര ചിഹ്നമിട്ടത് ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.]

2000-ലെ കേരള സ്പോർട്സ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ലെ കേരള സ്പോർട്സ് ആക്റ്റ് (2001-ലെ 2) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഒരു പദപ്രയോഗത്തിനു പകരം മറ്റ് പദപ്രയോഗം ചേർക്കൽ.—2000-ലെ കേരള സ്പോർട്സ് ആക്റ്റിൽ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ശീർഷകത്തിലും ദീർഘശീർഷകത്തിലും പീഠികയിലും പ്രധാന ആക്റ്റിലെ മറ്റ് വകുപ്പുകളിലും " സ്പോർട്ട്സ് " എന്ന വാക്ക് വരുന്നിടത്തെല്ലാം അതിന് " സ്പോർട്സ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. ദീർഘശീർഷകത്തിന്റെ ഭേദഗതി.—2000-ലെ കേരള സ്പോർട്സ് ആക്റ്റിലെ (2001-ലെ 2)[***] ദീർഘശീർഷകത്തിൽ, "സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്സ്, ഗെയിംസ്, ഇ-സ്പോർട്സ്, കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ, "സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "സ്പോർട്സ് , ഗെയിംസ്, ഇ-സ്പോർട്സ് , കായിക സമ്പദ്ഘടന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(i) (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (vi എ) "ഇ-സ്പോർട്സ്" എന്നാൽ ശാരീരികവും മാനസികവുമായ കഴിവുകൾ ഉപയോഗിച്ച് ആളുകൾ തമ്മിലും ടീമുകൾ തമ്മിലും മത്സരാടിസ്ഥാനത്തിൽ ഓൺലൈനായി കളിക്കുന്നതും വൈദഗ്ദ്ധ്യം ഉൾപ്പെടുന്നതും നിയമപരമായി അംഗീകരിക്കപ്പെട്ടതുമായ ഇലക്ട്രോണിക് രൂപത്തിലുള്ള സ്പോർട്സ് [***] എന്നർത്ഥമാകുന്നു;";

(ii) (xiii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xiii എ) "പട്ടിക" എന്നാൽ ഈ ആക്റ്റിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;".

6. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (ബി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) ആഭ്യന്തര വകുപ്പ് സെക്രട്ടറി;

(ബിബി) ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(ബിസി) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(ബിഡി) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി;

(ബിഇ) വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി;

(ബിഎഫ്) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി;

(ബിജി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി ; ".

7. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) സർക്കാർ, കായിക യുവജനകാര്യാലയം ഡയറക്ടറെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.".

8. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) സംസ്ഥാനത്ത് ഇ-സ്പോർട്സ് , നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക;";

(ii) (ബി) ഖണ്ഡത്തിൽ "സർക്കസ് പരിശീലന കേന്ദ്രങ്ങൾ," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്, പാരാലിമ്പിക് കേന്ദ്രങ്ങൾ, സ്പോർട്സ് സ്കൂളുകൾ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ബിഎ) സ്റ്റേഡിയം, കളിസ്ഥലം, നീന്തൽകുളം, സ്പോർട്സ് ഹോസ്റ്റലുകൾ, മറ്റു സ്പോർട്സ് സൗകര്യങ്ങൾ മുതലായ അടിസ്ഥാനസൗകര്യങ്ങളുടെ നിർമ്മാണം, ആധുനികവത്കരണം, പരിപാലനം എന്നിവ, ഓരോ പ്രത്യേക സംഗതിയെയും അടിസ്ഥാനമാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' മുഖേന നടത്തുക;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി " സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" എന്നാൽ 2013-ലെ കമ്പനീസ് ആക്റ്റിലെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച "സ്പോർട്സ് കേരള ഫൗണ്ടേഷൻ" എന്നർത്ഥമാകുന്നു.";

(iv) (ഇ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ഇഎ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ ഒരു 'സ്പോർട്സ് ഇന്നൊവേഷൻ സോൺ' സ്ഥാപിക്കുക;

(ഇബി) സ്പോർട്സ് മെഡിസിൻ, സ്പോർട്സ് എഞ്ചിനീയറിംഗ് എന്നീ മേഖലകളെ പ്രോത്സാഹിപ്പിക്കുക;

(ഇസി) സ്പോർട്സ് ലീഗുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുക;

(ഇഡി) വാർഷിക സാമ്പത്തിക സ്പോർട്സ് സർവ്വേ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നടത്തുക;

(ഇഇ ) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് സ്പോർട്സ് കേരള സ്കൂൾ ഗെയിംസ്, സ്പോർട്സ് കേരള സർവ്വകലാശാല ഗെയിംസ് എന്നിവ സംഘടിപ്പിക്കുക;

(ഇഎഫ്) അന്താരാഷ്ട്ര പരിശീലകർ, വിദഗ്ദ്ധർ എന്നിവരുടെ പരിശീലനം സ്പോർട്സ് താരങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(ഇജി) സ്പോർട്സ് അരീനകൾ, സ്പോർട്സ് ടർഫുകൾ, വെൽനസ് സെന്ററുകൾ മുതലായവയ്ക്ക്, തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിർമ്മാണത്തിനും പ്രവർത്തനത്തിനും ഉള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ഇഎച്ച്) തെരഞ്ഞെടുത്ത കായിക ഇനങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക;

(ഇഐ) സ്പോർട്സ് താരങ്ങൾക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി കായിക ഗവേഷകരും അനലിസ്റ്റുകളും ന്യൂട്രീഷൻ സ്പെഷ്യലിസ്റ്റുകളും അടങ്ങുന്ന ഒരു ടീം രൂപീകരിക്കുക;

(ഇജെ) സ്പോർട്സ് അടിസ്ഥാനസൗകര്യങ്ങൾ പരമാവധി ആളുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സ്റ്റേറ്റ് സ്പോർട്സ് ഗ്രിഡ് വികസിപ്പിക്കുക;

(ഇകെ) സ്പോർട്സ് താരങ്ങളുടെ വൈദഗ്ധ്യവും അഭിരുചിയും വിലയിരുത്തുന്നതിനായി 'സ്പോർട്സ് ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ' സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഏർപ്പെടുത്തുക;

(ഇഎൽ) തെരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് താരങ്ങളെ തുടർച്ചയായി വിലയിരുത്തുന്നതിനായി 'സ്പോർട്സ് ടാലന്റ് കണ്ടിന്യുയസ് ഇവാല്യുവേഷൻ' നടപ്പിലാക്കുക;

(ഇഎം) അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സ്പോർട്സ് താരങ്ങൾക്ക് പരിശീലനം നൽകുന്നതിനായി ദേശീയ അക്കാദമികളുടെ ഒരു ശൃംഖല സ്ഥാപിക്കുക;

(ഇഎൻ) പരിശീലകർ, കോച്ചുകൾ എന്നിവരുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക;

(ഇഒ) സ്പോർട്സ് കലണ്ടർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തയ്യാറാക്കുക;

(ഇപി) സ്പോർട്സ് താരങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള പരാതി പരിഹാര സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, രൂപീകരിക്കുക;

(ഇക്യൂ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്പോർട്സ് പാഠ്യപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നൽകുക;

(ഇആർ) സ്പോർട്സ് അടിസ്ഥാനസൗകര്യങ്ങൾ, സ്പോർട്സ് മേളകൾ, അക്കാദമികൾ എന്നിവയിൽ നിക്ഷേപം നടത്തുവാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുക;

(ഇഎസ്) അടിസ്ഥാനസൗകര്യവികസനം, കായികോപകരണങ്ങളുടെ നിർമ്മാണം, പരിശീലനം എന്നിവയുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഗ്രാന്റുകളോ ഫണ്ടുകളോ മുഖേന സഹായം നൽകുക;

(ഇറ്റി) ശാരീരികക്ഷമതാ വ്യായാമ പ്രചരണ പരിപാടികൾ നടത്തുക;

(ഇയു) കളിസ്ഥലങ്ങളുടെ ഉപയോഗം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ക്രമീകരിക്കുക;

(ഇവി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇന്റർ സ്കൂൾ, ഇന്റർ കോളേജ്, ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പുകൾ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, സംഘടിപ്പിക്കുക;

(ഇഡബ്ല്യൂ) 2011-ലെ നാഷണൽ സ്പോർട്സ് ഡെവലപ്മെന്റ് കോഡ് ഓഫ് ഇന്ത്യയിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ നടപ്പിലാക്കുക;

(ഇഎക്സ്) വനിതകൾക്കും ഭിന്നശേഷിക്കാരായ സ്പോർട്സ് താരങ്ങൾക്കുമായി പ്രത്യേക കളിസ്ഥലങ്ങൾ തയ്യാറാക്കുക;

(ഇവൈ) കമ്മ്യൂണിറ്റി ഫിസിക്കൽ ആക്റ്റിവിറ്റി ട്രാക്കിംഗ് സംവിധാനം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വികസിപ്പിക്കുക;

(ഇഇസഡ്) കായിക ഇനങ്ങളുടെ മെഡൽ സാദ്ധ്യതയനുസരിച്ചും പ്രചരണത്തിനനുസരിച്ചും കായിക ഇനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുക;

(ഇഇസഡ്എ) ആഗോളപ്രശസ്തമായ അക്കാദമികളിൽ നിന്നുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്പോർട്സ് കേരള എലൈറ്റ് അക്കാദമികൾ' രൂപീകരിക്കുക;

(ഇഇസഡ്ബി) ബില്ല്യാർഡ്സ്, സ്നൂക്കർ, സ്ക്വാഷ്, ഗ്രീൻ സ്പോർട്സ് വിഭാഗത്തിൽപ്പെടുന്ന ഗോൾഫ് തുടങ്ങിയവ സംഘടിപ്പിക്കുക;

(ഇഇസഡ്സി) വിനോദസഞ്ചാര വകുപ്പുമായി ഏകോപിപ്പിച്ചുകൊണ്ട് ട്രക്കിംഗ്, റോക്ക് ക്ലൈംബിംഗ്, പാരാഗ്ലൈഡിംഗ്, വാട്ടർ റാഫ്റ്റിംഗ്, കയാക്കിംഗ്, കനോയിംഗ്, സെയിലിംഗ്, വിൻഡ് സർഫിംഗ്, സ്കൂബ ഡൈവിംഗ് എന്നിവ സംഘടിപ്പിക്കുക;

(ഇഇസഡ് ഡി) സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ കായികാധിഷ്ഠിതമായ പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുക;

(ഇഇസഡ്ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് പ്രസ്തുത സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക;

(ഇഇസഡ്എഫ്) അക്കാദമികളുടെ അക്രഡിറ്റേഷനും റേറ്റിംഗും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നൽകുക;

(ഇഇസഡ്ജി) സ്പോർട്സ് അടിസ്ഥാനസൗകര്യങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, കായികമത്സരങ്ങൾ, ഗ്രാമീണ കായികമേളകൾ എന്നിവയുടെ വിവരശേഖരണം നടത്തുക;

(ഇഇസഡ് എച്ച്) കായിക ചലച്ചിത്രമേള സംഘടിപ്പിക്കുക;

(ഇഇസഡ്ഐ) തൊഴിലാളികൾ, കർഷകർ, പോലീസ് തുടങ്ങിയ വിഭാഗങ്ങൾക്കുള്ള കായികമത്സരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടത്തുക;

(v) (എച്ച്) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്എ) റഫറിമാർക്കായി ക്ലിനിക്കുകളും ശിൽപ്പശാലകളും സംഘടിപ്പിക്കുക;

(എച്ച്ബി) അടിസ്ഥാനസൗകര്യങ്ങൾ, അക്കാദമികൾ, സ്പോർട്സ് മേളകൾ എന്നിവകളിൽ സ്വകാര്യനിക്ഷേപം സമാഹരിക്കുകയും സംരംഭകരെ ആകർഷിക്കുകയും ചെയ്യുക;

(എച്ച്സി) സ്പോർട്സ് നിക്ഷേപ സംഗമങ്ങൾ നടത്തുക;

(എച്ച്ഡി) സഹകരണ മേഖലയുമായി സഹകരിച്ചുകൊണ്ട് കായികമേഖല വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക; " ;

(vi) (എം) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (എം) സ്പോർട്സുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും, സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും സ്പോർട്സുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രങ്ങളോ സ്ഥാപിക്കുകയും സ്പോർട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക;";

(vii) (എൻ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(viii) (ഒ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ix) (പി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(പിഎ) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക;

(പിബി) പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക;".

9. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ, "പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക", എന്നീ വാക്കുകൾക്ക് പകരം "പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

10. 31-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 31-ാം വകുപ്പ് ( 1 എ) ഉപവകുപ്പ് (viii)-ാം ഖണ്ഡത്തിൽ " ബന്ധപ്പെട്ട ജില്ലയിൽ നിന്നുള്ളവർക്കുമാത്രമായി" എന്നീ വാക്കുകൾക്ക് ശേഷം "സംസ്ഥാന സ്പോർട്സ് സംഘടനാ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

11. 34 എ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 34 എ വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) നിധിയിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കോർപ്പറേറ്റുകൾ, അസോസിയേഷനുകൾ, സൊസൈറ്റികൾ, ബോർഡുകൾ, ട്രസ്റ്റുകൾ എന്നിവയിൽ നിന്നോ നിയമപരമായ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ലഭിക്കുന്ന എല്ലാ ഗ്രാന്റുകളും സഹായധനവും സംഭാവനകളും ഏതെങ്കിലും സ്വകാര്യ വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സഹകരണ സ്ഥാപനങ്ങളിൽ നിന്നോ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നോ സാമൂഹിക സംഘടനകളിൽ നിന്നോ സർക്കാരിതര സംഘടനകളിൽ നിന്നോ ലഭിക്കുന്ന നിക്ഷേപങ്ങളും വരവ് വയ്ക്കേണ്ടതാണ്.";

(ബി) (3)-ാം ഉപവകുപ്പിൽ, (viii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ix) സ്പോർട്സ് താരങ്ങൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന്;

(x) കായികരംഗത്ത് നൂതനരീതികൾക്ക് സഹായം നൽകുന്നതിന്;

(xi) കായികസംരംഭങ്ങൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, പലിശ സബ്സിഡി, മൂലധന നിക്ഷേപ സബ്സിഡി എന്നിവ നൽകുന്നതിന്;

(xii) സ്പോർട്സിനെ പൊതുവായും, പ്രത്യേകിച്ച് പ്രത്യേക സ്പോർട്സ് വിഭാഗങ്ങളെയും ഓരോ വ്യക്തിഗത സ്പോർട്സ് താരത്തെയും ദേശീയ-അന്തർദ്ദേശീയ തലത്തിൽ മികവ് കൈവരിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുന്നതിന്;

(xiii) സ്പോർട്സ് മേഖലയിൽ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന്;

(xiv) ഓരോ മേഖലയിലും വിദഗ്ധരായ കോച്ചുകൾക്ക് പ്രസക്തമായ കായിക ഇനങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നതിന്;

(xv) സ്പോർട്സ്, സ്പോർട്സ് സയൻസ് എന്നീ മേഖലകളിൽ കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷണവും വികസനപഠനവും നടത്തുന്നതിന്;

(xvi) സംസ്ഥാനത്തെ ഉയർന്ന നിലവാരം പുലർത്തുന്ന സ്പോർട്സ് താരങ്ങൾക്ക് നൂതനരീതിയിലുള്ള സ്പോർട്സ് പരിശീലനം ഏർപ്പെടുത്തുന്നതിന്;

(xvii) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യ പദ്ധതികൾ ഏറ്റെടുക്കുകയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും അപ്രകാരമുള്ള പ്രവർത്തനങ്ങളുടെ പരിപാലനം നടത്തുകയും ചെയ്യുന്നതിന്.";

(സി) (4)-ാം ഉപവകുപ്പിൽ,—

(എ) (i)-ാം ഇനത്തിൽ " സ്പോർട്സ് മന്ത്രി" എന്നീ വാക്കുകൾക്ക് പകരം " മുഖ്യമന്ത്രി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (i)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(i എ) സ്പോർട്സ് മന്ത്രി | .. | വൈസ് ചെയർമാൻ (എക്സ്-ഒഫീഷ്യോ) |
| (i ബി) വൈസ്-ചെയർപേഴ്സൺ, കേരള സംസ്ഥാന ആസൂത്രണ ബോർഡ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (i സി) സെക്രട്ടറി, നിയമ വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ) |
| (i ഡി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ് | .. | അംഗം (എക്സ്-ഒഫീഷ്യോ)" . |

12. പുതിയ പട്ടിക ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 49-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

" പട്ടിക

[5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (പിബി) ഖണ്ഡം കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. സർഫിംഗ്, പാരാസെയിലിംഗ്, അമ്പെയ്ത്ത് തുടങ്ങിയ കായിക ഇനങ്ങളിൽ മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങൾ എന്നിവയിൽ നിന്നുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കാര്യങ്ങൾ.

2. സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ മാനവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ.

3. ഉയർന്ന മെഡൽ സാദ്ധ്യതയുള്ള കായിക ഇനങ്ങളുടെ ടൂർണമെന്റ്, നടത്തിപ്പ്, പരിശീലന കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ.

4. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ-കോളേജ് കുട്ടികളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനായി 'കേരള ഗ്രാന്റ് പ്രി ' സംബന്ധിച്ച കാര്യങ്ങൾ.

5. സ്പോർട്സ് താരങ്ങളുടെ ക്ഷേമത്തിനായുള്ള കാര്യങ്ങൾ.

6. അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള കാര്യങ്ങൾ.

7. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ മറ്റേതെങ്കിലും സംഗതി.".

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി .*

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ,
തിരുവനന്തപുരം ,
2025 മാർച്ച് 19 .